**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 198** **27-01-2026 - ൽ മറുപടിയ്ക്ക്**

**തൊടുപുഴ ജില്ലാ ആശുപത്രിയിലെ കാരുണ്യ ഫാർമസി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തൊടുപുഴ ജില്ലാ ആശുപത്രിയിൽ കാരുണ്യ ഫാർമസി ആരംഭിക്കാൻ നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (എ) | തൊടുപുഴ ജില്ലാ ആശുപത്രി യിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ആരംഭിക്കുന്നതിന് കെട്ടിടം ലഭ്യമാണെന്ന് ആശുപത്രി സൂപ്രണ്ട് അറിയിച്ചതിനെ തുടർന്ന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ടി ആശുപത്രി സന്ദർശിക്കുകയും സൂപ്രണ്ട് നിർദ്ദേശിച്ച സ്ഥലം കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ആരംഭിക്കുവാൻ അനുയോജ്യമാണെന്ന് ബോധ്യപ്പെട്ടുകയുമുണ്ടായി. ഇതിനെ തുടർന്ന് ടി കെട്ടിടത്തിലെ ഒരു മുറിയിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ആരംഭിക്കുന്നതിനും പുതിയ കെട്ടിടത്തിലെ C1 നിലയിലെ ഒരു മുറി സ്റ്റോർ ഉപയോഗത്തിനും കെ.എം.എസ്.സി.എൽ-ന് അനുവദിച്ച് നൽകിയിട്ടുണ്ട്. തൊടുപുഴ ജില്ലാ ആശുപത്രി യിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ